**അറിയിപ്പ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ............ ഓർഡർ .................. ഇന്നലെ അന്തരിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ അംഗങ്ങൾക്ക് സൗകര്യം ഉണ്ടാക്കുന്നതിനായി ഇന്നത്തെ സഭാനടപടികൾ ക്രമീകരിക്കണമെന്ന നിർദ്ദേശം ഇന്നലെ എല്ലാവരുമായി ആലോചിച്ച് ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, അനൗദ്യോഗികാംഗങ്ങളുടെ കാര്യം എന്നിവ ഒഴിവാക്കണം എന്ന നിർദ്ദേശത്തിന് സഭയുടെ അംഗീകാരം ഉണ്ടെന്ന് ചെയർ കരുതുന്നു. കാര്യവിവരപട്ടികയിലെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും ഒഴികെയുള്ള എല്ലാ ബിസിനസ്സുകളും ഒഴിവാക്കുന്നു.